"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽ ദാന പദ്ധതി - വർക്കല നഗരസഭയിൽ സാനിറ്റേഷൻ വർക്കർ - ബി.രോഹിണിയുടെ മകൾ ശ്രീമതി.ജയകുമാരി.ആർ - സാനിറ്റേഷൻ വർക്കർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(കൈ) നം.217/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/09/2021

പരാമർശം:-
1. 24/05/1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.പ.ഭ.വ. നമ്പർ ഉത്തരവ്
2. ശ്രീമതി.അബിത.ജി സമർപ്പിച്ച 11.01.2018 തീയതിയിലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 02.11..2018 , 24.06.2021 തീയതികളിലെ ഇ4-23923/2016 നമ്പർ കത്ത്.
4. സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. തിയതി. 21.02.2018.
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 13.12.2019 തീയതിയിലെ DCTVM/5389/2018-S6 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് വർക്കല നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 07.12.2015 തീയതിയിൽ മരണപ്പെട്ട ബി.രോഹിണിയുടെ മകൾ ശ്രീമതി.ജയകുമാരി.ആർ(പുത്തൻവീട്, കല്ലംകോണം, വർക്കല പി.ഒ, തിരുവനന്തപുരം.695141) അപേക്ഷ സമർപ്പിച്ചിരുന്നു. എസ്.ഗിരിജയുടെ സേവനകാലം 27 വർഷവും 11 മാസവും 06 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതയുടെ ജനന തീയതി , സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 19.11.1956 , 01.01.1988 ആണ്. നഗരകാര്യ ഡയറക്ടറും തിരുവനന്തപുരം ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2.അപേക്ഷക പ്രീഡിഗ്രി വിജയിച്ചിട്ടുള്ളതും ടിയാരിയുടെ ജനന തീയതി 14.05.1975 എന്നതുമാണ്. ശ്രീമതി.ജയകുമാരി.ആർ ആശ്രിത നിയമനത്തിനായി 26.09.2016 ന് അപേക്ഷ സമർപ്പിക്കുകയുണ്ടായെന്നും പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ട എൽ.ഡി ക്ലാർക്ക്/ബിൽ കളക്ടർ തസ്തികക്കുള്ള പ്രായപരിധി കഴിഞ്ഞതിനാൽ അപേക്ഷ മാറ്റി സമർപ്പിക്കാൻ ആവശ്യപ്പെടുകയും ആയത് 11.01.2018-ൽ സമർപ്പിക്കുകയുണ്ടായെന്നും നഗരകാര്യ ഡയറക്ടർ പരാമർശം 2 പ്രകാരം അറിയിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതയുടെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും വർക്കല നഗരസഭ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പരേതയുടെ ആശ്രിത എന്ന നിലയിൽ അപേക്ഷകയായ ശ്രീമതി.ജയകുമാരി.ആർ-യ്ക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതയുടെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ടിയാരി വിവാഹിതയാണ്. ശ്രീമതി.ജയകുമാരി.ആർ വിവാഹശേഷവും മരണപ്പെട്ട ജീവനക്കാരിയെ ആശ്രയിച്ച് കഴിയുകയായിരുന്നു എന്ന് വർക്കല തഹസിൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാരിയുടെ കുടുംബ

വാർഷിക വരുമാനം 91,000/-(36,000/- + 55,000/-) രൂപയാണെന്ന് (തൊണ്ണൂറ്റി ഒന്നായിരം രൂപ മാത്രം) വർക്കല വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാരി സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വർക്കല നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 07.12.2015 തീയതിയിൽ മരണപ്പെട്ട ബി.രോഹിണിയുടെ മകൾ ശ്രീമതി.ജയകുമാരി.ആർ-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം , വർക്കല നഗരസഭയിലോ തിരുവനന്തപുരം ജില്ലയിലെ ഏതെങ്കിലും നഗരസഭയിലോ സാനിറ്റേഷൻ വർക്കർ തസ്തികയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാരിയെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരിയുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ഈ ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

<u>പകർപ്പ്:</u>

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ , തിരുവനന്തപുരം.
സെക്രട്ടറി, വർക്കല നഗരസഭ
ശ്രീമതി.ജയകുമാരി.ആർ, പുത്തൻവീട്, കല്ലുംകോണം, വർക്കല പി.ഒ, തിരുവനന്തപുരം.695141
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/266/2018-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ